**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 597** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>തിരൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതി വിതരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** ദ്യുതിപദ്ധതിയിൽ ഉൾപ്പെടുത്തി തിരൂർ നിയോജകമണ്ഡലത്തിൽ നടത്തുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ദ്യുതി 2025-26/2026-27 വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തി, തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

- പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ – 35 എണ്ണം
- ലോ ടെൻഷൻ (LT) ലൈനുകളുടെ നിർമ്മാണം – 102.72 കി.മീ.
- ഹൈ ടെൻഷൻ (HT) ലൈനുകളുടെ നിർമ്മാണം – 17.72 കി.മീ.
- HT കണ്ടക്ടറുകൾ ABC ആയി മാറ്റുന്ന പ്രവൃത്തി – 21.82 കി.മീ.
- LT ലൈനുകൾ ത്രീ-ഫേസ് എ.ബി.സി (Ariel Bunched Cable) ആയി കൺവെർട്ട് ചെയ്യുന്ന പ്രവൃത്തി – 64.50 കി.മീ.
- ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ – 16 എണ്ണം
- നിലവിലുള്ള LT കണ്ടക്ടറുകൾ ABC ആയി മാറ്റുന്ന പ്രവൃത്തി – 86.96 കി.മീ.
- LT ലൈൻ സ്റ്റാൻഡേർഡൈസേഷൻ – 11.03 കി.മീ.
- HT സ്ട്രക്ചറുകളുടെ സ്റ്റാൻഡേർഡൈസേഷൻ – 3002 എണ്ണം
- ട്രാൻസ്ഫോർമറുകളുടെ സ്റ്റാൻഡേർഡൈസേഷൻ – 261 എണ്ണം

**(ബി)** തിരൂർ നിയോജകമണ്ഡലത്തിൽ വൈദ്യുത പ്രസരണത്തിന് എ.ബി. കേബിളുകൾ എത്ര ദൂരത്തിൽ സ്ഥാപിക്കുന്നതിന് തീരുമാനം ആയിട്ടുണ്ടെന്നും അതിൽ എത്ര ദൂരം സ്ഥാപിതമായിട്ടുണ്ടെന്നും ഉള്ള വിവരം അറിയിക്കാമോ;

**<u>മറുപടി:</u>** തിരൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി വിതരണ ശൃംഖലയുടെ നവീകരണത്തിന്റെ ഭാഗമായി ദ്യുതി, ദ്യുതി സ്പെഷ്യൽ, RDSS എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 318 കിലോമീറ്റർ ലോ ടെൻഷൻ എ.ബി. കേബിളുകളും 34.25 കിലോമീറ്റർ ഹൈ ടെൻഷൻ എ.ബി. കേബിളുകളും സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ 22 കിലോമീറ്റർ ലോ ടെൻഷൻ എ.ബി.

കേബിളുകളുടെയും 1 കിലോമീറ്റർ ഹൈ ടെൻഷൻ എ.ബി. കേബിളുകളുടെയും സ്ഥാപിക്കൽ പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്.

**(സി)** തിരൂർ നിയോജകമണ്ഡലത്തിൽ യു.ജി. കേബിളുകൾ എത്ര ദൂരത്തിൽ സ്ഥാപിക്കുന്നതിന് തീരുമാനം ആയിട്ടുണ്ടെന്നും അതിൽ എത്ര ദൂരം സ്ഥാപിതമായിട്ടുണ്ടെന്നും ഉള്ള വിവരം അറിയിക്കാമോ;

**<u>മറുപടി:</u>** തിരൂർ നിയോജകമണ്ഡലത്തിൽ ദ്യുതി/ദ്യുതി സ്പെഷ്യൽ പദ്ധതികളിൽ ഉൾപ്പെടുത്തി 34.92 കിലോമീറ്റർ യു.ജി. കേബിൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളിൽ 11 കിലോമീറ്റർ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, RDSS പദ്ധതിയിൽ ഉൾപ്പെടുത്തി 12.55 കിലോമീറ്റർ യു.ജി. കേബിൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളിൽ 7.8 കിലോമീറ്റർ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്.

**(ഡി)** ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എ.ബി.സി, യു.ജി. കേബിളുകൾ സ്ഥാപിക്കുന്നത് പൂർത്തിയായി കഴിഞ്ഞാൽ വൈദ്യുത പ്രസരണത്തിന് ഉപയോഗിക്കുന്ന ലോഹ കമ്പികൾ എത്ര ദൂരം ബാക്കിയുണ്ടാകുമെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** തിരൂർ നിയോജക മണ്ഡലത്തിലെ വിവിധ ഇലക്ട്രിക്കൽ സെക്ഷനുകളിലായി നിലവിലുള്ള പദ്ധതികളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചതിന് ശേഷം ഏകദേശം 234.64 കിലോമീറ്റർ ഹൈ ടെൻഷൻ ബെയർ ഓവർഹെഡ് ലൈനുകളും 1091.48 കിലോമീറ്റർ ലോ ടെൻഷൻ ബെയർ ഓവർഹെഡ് ലൈനുകളും അവശേഷിക്കുന്നതാണ്.

**(ഇ)** തിരൂർ നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ ഏതെല്ലാം ആണെന്നും അത്തരം പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കാമോ?

**<u>മറുപടി:</u>** വോൾട്ടേജ് ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ- ആശാരിപ്പാറ, എർമുഹാജി, മയ്യിനങ്ങാടി, ഈസ്റ്റ് ചെമ്പ്ര, കുറുക്കോൽ റോഡ്, മീശപ്പടി, കുറുക്കോൽ റോഡ് ടവർ, ഏഴൂർ, തേണ്ടാത്ത് മിൽ, മതിലിങ്കൽ, ഹാജിബസാർ, ബാവ ഹാജിപ്പടി, മുളൂർ ITC, റിംഗ് റോഡ്, കോഹിനൂർ, മാങ്കുളം, പഴംകുളങ്ങര, എം കെ റോഡ്, തലപള്ളിപ്പാടം, കല്ലിങ്ങൽ ടവർ, പഞ്ചാരമൂല, കല്ലുപാലം, തുവ്വക്കാട്, ചന്ദനക്കാവ്, ചെറുരാൽ സ്കൂൾ പടി, അല്ലൂർ മില്ലത്താണി, അല്ലൂർ, കാഞ്ഞിരകുറ്റി, എം.ഇ.എസ് പള്ളി, തീണ്ടാപാടി വെസ്റ്റ്, വാക്കാട് അനീഷ, അരിക്കാഞ്ചിറ കോളനി, തുഞ്ചൻ പറമ്പ് - ചട്ടിക്കൽ

തിരൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന തിരൂർ ഡിവിഷന് കീഴിലെ തിരൂർ ഈസ്റ്റ്, തിരൂർ വെസ്റ്റ്, തുവ്വക്കാട്, കടുങ്ങാത്തുകുണ്ട്, വെട്ടം തുടങ്ങിയ ഇലക്ട്രിക്കൽ സെക്ഷനുകളിൽ വോൾട്ടേജ് ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ കണ്ടെത്തി, അത് പരിഹരിക്കുന്നതിനായി ദ്യുതി, ദ്യുതി സ്പെഷ്യൽ, RDSS തുടങ്ങിയ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

ഇതിന്റെ ഭാഗമായി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിക്കൽ, പുതിയ ഹൈ ടെൻഷൻ, ലോ ടെൻഷൻ ലൈനുകൾ നിർമ്മിക്കൽ, നിലവിലുള്ള സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കി മാറ്റൽ, പഴയ കണ്ടക്ടറുകൾ മാറ്റി എ.ബി.സി. (Aerial Bunched Cable) സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നത്.

പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെ, വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നതായി കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമത്തിന് ഗണ്യമായ പരിഹാരം കാണാൻ

സാധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**